അറസ്റ്റ്ചെയ്യുവാൻ ബാക്കിയുള്ളത്. ടി പ്രതികളുടെ പേരിൽ സെക്ഷൻ 111 ഐ.പി.സി. പ്രകാരമുള്ള കുറ്റമാണ് ചുമത്തിയിട്ടുള്ളത്.

(സി) അറസ്റ്റ് ചെയ്യുവാൻ ബാക്കിയുള്ള പ്രതികളിൽ 6-ാം പ്രതി യൂത്ത് കോൺഗ്രസ് (ഐ) ഉദുമ മണ്ഡലം മുൻ പ്രസിഡന്റും, 7-ാം പ്രതി ഐ.എൻ.റ്റി.യു.സി. ഉദുമ മണ്ഡലം പ്രസിഡന്റുമാണ്.

(ഡി) ഈ കേസിന്റെ തുടർന്നുള്ള അന്വേഷണത്തിനായി കാഞ്ഞങ്ങാട് ഡി.വൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുള്ളതും മേൽ പ്രതികളെ കണ്ടെത്തുന്നതിനായി ഊർജ്ജിതമായ അന്വേഷണം നടത്തിവരികയുമാണ്.

സോഷ്യൽ മീഡിയയിൽ അഭിപ്രായം രേഖപ്പെടുത്തിയതിന്റെ പേരിലുള്ള കേസുകൾ

163 (164) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, സർക്കാർ നയങ്ങൾ, നിലപാടുകൾ-എന്നിവയെ കുറിച്ച് ഫേസ് ബുക്കിൽ അഭിപ്രായം രേഖപ്പെടുത്തിയതിന്റെ പേരിൽ എത്ര പേർക്കെതിരെയാണ് ഇതുവരെ കേസുകൾ എടുത്തിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; എത്ര സർക്കാർ ജീവനക്കാർ കേസിൽ ഉൾപ്പെട്ടിട്ടുണ്ട് ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര നിലവിൽ ശരിയായ വിധം നടപ്പിലാക്കുന്നുണ്ടോ; എടുത്തിട്ടുള്ള കേസുകളുടെ എണ്ണം എത്ര; ജില്ലാ സംസ്ഥാനതലത്തിൽ ഇതിന്റെ മേൽനോട്ടം വഹിക്കുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; മാവേലിക്കര മണ്ഡലത്തിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി എത്ര കേസുകൾ എടുത്തിട്ടുണ്ട് ; ഈ കേസുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർക്കെതിരെയും സർക്കാർ നയങ്ങൾ, നിലപാടുകൾ എന്നിവയ്ക്കെതിരെയും ഫേസ് ബുക്കിൽ മോശമായ അഭിപ്രായം രേഖപ്പെടുത്തിയതിന്റെ പേരിൽ 11 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 9 കേസുകളിലായി 10 പ്രതികൾക്കെതിരെയാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 2 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 2 കേസുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. മേൽപ്പറയുന്ന 11 കേസുകളിൽ 3 കേസുകൾ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ജീവനക്കാർക്കെതിരെയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത 3 കേസുകളിലായി 4 ജീവനക്കാർ പ്രതികളാണ്.

(ബി) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര നിലവിൽ കാര്യക്ഷമമായ വിധം നടപ്പിലാക്കിവരികയാണ്. ഇതു സംബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ 2895 കേസുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബ്ലേഡ് മാഫിയയെ നിയന്ത്രിക്കുന്നതിനുവേണ്ടി നടന്നുവരുന്ന ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിൽ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി 24 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കട്ടത്തുരുത്തി കട്ടത്തുരുത്തി സി.ഐ.ഓഫീസും ഓഫീസ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണം

164 (165) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടത്തുരുത്തി നിയോജകമണ്ഡലത്തിൽ കട്ടത്തുരുത്തി സി.ഐ ഓഫീസും ഓഫീസ് ക്വാർട്ടേഴ്സും ആരംഭിക്കുന്നതു സംബന്ധിച്ച് കെ. പി. എച്ച്. സി. സി.-യിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള ഡി. പി. ആർ. C1/5219/14, കെ. പി. എച്ച്. സി. സി. 5220/14 എന്നീ നമ്പർ ഫയലുകളിൻമേൽ ആഭ്യന്തരവകുപ്പ് സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ ;

(ബി) ഈ നിർദ്ദേശം കോട്ടയം എസ്. പി. ഓഫീസിൽനിന്നും പോലീസ് ആസ്ഥാനത്തേക്ക് അയച്ചത് എന്നെന്നും ഫയൽ നമ്പർ എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) കട്ടത്തുരുത്തി നിയോജകമണ്ഡലത്തിൽ കട്ടത്തുരുത്തി സി.ഐ. ഓഫീസും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി കെ.പി.എച്ച്.സി.സി. മാനേജിംഗ് ഡയറക്ടർ കോട്ടയം ജില്ലാ പോലീസ് മേധാവിക്ക് അയച്ചുകൊടുക്കുകയും ആയത് കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ കത്ത് നമ്പർ ജി2/14221/14 തീയതി 25-11-2014 പ്രകാരം പോലീസ് ആസ്ഥാനത്തേയ്ക്ക് അയയ്ക്കുകയും തുടർന്ന് പ്രസ്തുത എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ പരിശോധിച്ചുവരികയുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly